# ചുവന്ന സഞ്ചി

വിളറിയ പൂക്കളുള്ള അലറിയുടെ ചുവട്ടിൽ വീണ്ടും നിന്നു. സാരിയുടെ പിന്നറ്റംകൊണ്ട് വിയർപ്പ് തുടച്ചു. മുടിയിഴകൾക്കുള്ളിൽ നിയന്ത്രണംവിട്ട വിയർപ്പുചാലുകൾ. വരണ്ട ചുണ്ടുകളിലെ വിളർച്ച സ്വയം ബോദ്ധ്യമാണ്.

ആസ്പത്രിമുറ്റത്തെതിരക്കിനിടയിൽ ഭർത്താവിന്റെപരിഭ്രമം. തേടിവന്നചിന്തകളെതള്ളിമാറ്റി കൈയിലെ തൂവാല ഉയർത്തിക്കാട്ടി ഭാര്യയുടെ രൂപം തിരിച്ചറിഞ്ഞപ്പോൾ ചിരിച്ചു. വരണ്ട ചിരി. അവളോർത്തു. നീണ്ടകാലുകൾ അകത്തിവെച്ച് വെയിലിൽ ചുകന്ന മുഖം താഴ്ത്തി അയാൾ ധൃതിയിൽ മടങ്ങുന്നതു നോക്കി നിന്നു അവൾ. വെറുങ്ങലിച്ച മുഖം ദു:ഖത്തിന്റെ തടവഴിഞ്ഞ പുഴുക്കൾ അന്തംവിട്ടിരിക്കാൻ തുടങ്ങി സ്വന്തം ശരീരത്തിൽ.

''ക്ഷീണിക്കുന്നോ മഞ്ജു ?''

സ്ത്രീയുടെ മുഖത്തു നോക്കാതിരിക്കാൻ കാലിൽ തറയ്ക്കാതിരുന്ന കല്ലിനുവേണ്ടി തിരയുമ്പോൾ അവൾ ചിരിച്ചു.ക്ഷമാപണത്തിന്റെ സ്വരംചിരിക്ക് വേണ്ടതിലധികം ഉണ്ടായിരുന്നു. ''കാലിലെന്തോ തറച്ചു.''അയാൾ പറഞ്ഞു തുരുമ്പുവന്ന ശരീരത്തിന്റെ നേർത്ത ചലനം പോലും സൃഷ്ടിക്കുന്ന ക്ഷീണത്തിന്റെ അളവുകൾ അവർക്ക്അറിയാമായിരുന്നു. കാലിൽ ഒന്നും തറച്ചില്ലെന്നതുംഅവർക്ക്പരസ്പരംഅറിയാമായിരുന്നു. മുഖം മൂടികളുടെ ഘനം പൊടുന്നനെ രണ്ടുപേരും അറിഞ്ഞു.

മെലിഞ്ഞുവിളർത്ത വിരലുകൾ കൂട്ടിപ്പിടിച്ച് നടക്കവെ രണ്ടുപേരും ഒന്നും മിണ്ടിയില്ല. അവൾ കടന്നു പോകുന്ന കാറുകളുടെ എണ്ണം നോക്കി. അയാൾ, കൂടെ നടക്കുന്ന പെൺകുട്ടിയുടെ മിനുത്ത അടിവയറിൽ നോക്കി താൻ കണ്ട സ്വപനങ്ങളെ ഓർത്തു. അവൾ വിളമ്പിത്തരുമ്പോൾ എന്നും കൈപ്പടങ്ങളിൽ തെളിയാറുള്ള നീലഞരമ്പുകളെ ഓർത്തു.

പിരിയാൻപോകുന്ന അമ്മയെ കുട്ടി എന്നപോലെ അയാൾ പിടിമുറുക്കി പെൺകട്ടി പെട്ടെന്നു തിരിഞ്ഞു. ചിരിച്ചു. വരണ്ട പാതയിലൂന്നിയ ദൃഷ്ടികൾ കണ്ടപ്പോൾ ചുണ്ടുകൾ കടിച്ച് വീണ്ടും കാറുകളെ നോക്കി.

ആദ്യത്തെ രാത്രിയിലെ വാക്കുകൾ ഓരോന്നായി അയവിറക്കി പെൺകുട്ടി വികാരശൂന്യയായി. ആറുമാസങ്ങൾക്ക് എത്ര ദിവസങ്ങളുണ്ടെന്നും എത്ര മണിക്കൂറുകളുണ്ടെന്നും കണക്കുകൂട്ടുമ്പോൾ ഭർത്താവ്വിളിച്ചു;

അവൾ മൂളി.

നീളമുള്ള കണ്ണുകളിലെ അനക്കമില്ലായ്മയിൽ നോക്കി തുടരാൻ കഴിയാതെ നിന്നു അയാൾ. വളരെ മാസങ്ങളായി അവൾ ആഗ്രഹിച്ചിരുന്ന ആ ചുകന്ന സഞ്ചി വേണമോ എന്നു ചോദിക്കാനായിരുന്ന അയാൾ ഒരുമ്പെട്ടത്. ഇതുവരെ, അത് കാണുമ്പൊഴൊക്കെ പലതരത്തിൽ വിഷയം മാറ്റിയിരുന്നു താൻ മേടിക്കാൻ കഴിയാഞ്ഞിട്ടല്ല. വാസ്തവം പറഞ്ഞാൽ വെറുതെ. ഒരു കാരണം പറഞ്ഞെ കഴിയൂ എന്നു വരുമ്പോഴൊക്കെ, പക്ഷേ,അയാൾപണമില്ലായ്മയിൽഅഭയംതേടി.

'എനിക്കതിനിവേണ്ട''അവൾചിരിച്ചുകൊണ്ടുപറഞ്ഞു:''അതിന്റെഫാഷൻപോയി.''

അയാൾ ഒന്നും മിണ്ടിയില്ല. അവളിനി ഒന്നും ആവശ്യപ്പെടില്ല എന്നുമാത്രം പെട്ടെന്നു മനസ്സിലാക്കി. ആറുമാസത്തിനുള്ളിൽ മരിക്കാൻപോകുന്ന അവൾക്കെന്തിനാണിതൊക്കെ ? നനഞ്ഞ കണ്ണുകൾ കൂട്ടിത്തിരുമ്മി അയാൾ കടന്നുപോകുന്ന മനുഷ്യരെ നോക്കിക്കൊണ്ടിരുന്നു. അയാൾ ഓരോരുത്തരോടും പറഞ്ഞു: നോക്കൂ,ഞാനിവളെഎന്റെജീവനേക്കാളേറെ സ്നേഹിക്കുന്നു.

തിളച്ചുമറിയുന്ന എന്തൊക്കെയോ അകത്ത്നിൽക്കാതായപ്പോൾ അയാൾ അവളുടെ കൈ വീണ്ടും മുറുക്കിപ്പിടിച്ചു.

''മജ്ജ. ഞാനതു വാങ്ങിത്തരട്ടെ ?''

ഏത്?

''ചുവന്നബാഗ്''അവളുടെമുഖത്ത്നോക്കാതെയാണെയാളതു പറഞ്ഞത്.അവൾകുസൃതിപറഞ്ഞ മകന്റെഎന്നപോലെഅയാളുടെ മുഖത്തുനോക്കി. അയാൾചൂളിപ്പോയി.

''വാങ്ങിത്തന്നോളൂ.''

അയാൾ എന്തോ ആ ഉത്തരമല്ല പ്രതീക്ഷിച്ചിരുന്നത്. പണ്ടായിരുന്നെങ്കിൽ അവളൊരിക്കലും സമ്മതിക്കുമായിരുന്നില്ല. അതയാളെ വീണ്ടും അസ്വസ്ഥനാക്കി. അവൾ, ശരിയായ അവൾ, ഇന്നേ മരിച്ചു കഴിഞ്ഞു.അയാളോർത്തു.ബാഗുംഅവൾക്കിഷ്ടമുള്ള ചോക്കലേറ്റുംപൂക്കളുംവാങ്ങിഅയാൾവരുന്നതുവരെ അവൾ ആകാശത്തെ കണ്ടു. ചുവടെയുള്ള മനുഷ്യരെക്കണ്ടു. തനിക്കു മടങ്ങിപ്പൊകാനുള്ള മണ്ണിനെ ക്കണ്ടു എല്ലാംആദ്യമായിക്കാണുകയാണെന്നു തോന്നിഅവൾക്ക്.

അയാൾ മടങ്ങിവന്നപ്പോൾ പെട്ടെന്ന് മുൻപറഞ്ഞപോലെ സംസാരിക്കാൻ തുടങ്ങി അവൾ തനിക്കു

നീലസ്സാരി വേണമെന്നും ഉച്ചതിരിഞ്ഞു സിനിമയ്ക്കുപോകണമെന്നും ഞായറാഴ്ചകടൽത്തീരത്തു പോകണമെന്നും അവൾ പറഞ്ഞു. വഴിയിലൂടെ പോകുന്ന മനുഷ്യരെ നോക്കി തമാശ പറഞ്ഞു പൊട്ടിച്ചിരിക്കുന്നഅവളെഅയാൾചിരിക്കാതെനോക്കി.

വീട്ടിന്റെ വരാന്തയിൽ കയറി ചെരുപ്പഴിച്ചു വെച്ചു തനിക്കു ചായയുണ്ടാക്കിത്തരാൻ അവൾ അകത്തുപോയിട്ടും അയാൾ നിന്ന കാലിൽ അതേപടി നിന്നു. എല്ലാം അപരിചിതം. കാറ്റിൽ പാറുന്ന ഡോർ കർട്ടനോട് എന്തെന്നില്ലാത്ത പക തോന്നി. അടുക്കളിയിൽ പാത്രങ്ങൾ ശബ്ദിക്കുമ്പോൾ പേടി. അയാളുടെ പ്രത്യേകമായ കപ്പിൽ ചായയുമായി അവൾ പ്രത്യക്ഷപ്പെട്ടപ്പോൾ അയാൾ ജനൽചാരി നിൽക്കുകയായിരുന്നു. ജനൽപ്പടിയിൽ ചായകേക്കാപ്പവെച്ച് അവൾ വളരെ പതുക്കെഅയാളുടെചുമലിൽ തൊട്ടു. ഞെട്ടിത്തിരിഞ്ഞ ഭർത്താവിന്അവൾചായചൂണ്ടിക്കാണിച്ചു.

ചാരുകസേരയിൽ താൻ കൂട്ടിക്കൊടുത്ത ചായയുമായി ഇരിക്കുന്ന ഭർത്താവിന്റെ കാൽച്ചുവട്ടിൽ തണുത്തനിലത്തിരുന്നു.

‘‘എനിക്കൊന്നെപറയാനുള്ള. ’’അവൾപറഞ്ഞു.

‘‘അങ്ങ് കരയരുത്.’’

പെട്ടെന്നു വിറയ്ക്കാൻ തുടങ്ങിയ കൈയിൽനിന്നും ചായക്കോപ്പ നിലത്തിറക്കി അയാൾ കസേരക്കയ്യിൽ മുഖംചേർത്തുഉറക്കെക്കരഞ്ഞു

താൻ പറഞ്ഞതു തെറ്റായിപ്പോയെന്ന് അവൾക്കു പെട്ടെന്നു മനസ്സിലായി. ഹൃദയത്തിൽ ഉരുക്കിയ ഈയം പോലെ ആ തുള്ളികൾ ഒറ്റിവീഴുന്നു. ഇതുവരെ ശാന്തമായിരുന്ന മരണത്തിന്റെ മുഖം ഇപ്പോൾ ഭികരമാണ്.